(ബി) എറണാകുളം ജില്ലയിൽപ്പെട്ട ആമ്പല്ലൂർ ജൂനിയർ ബേസിക്ക് സ്കൂൾ കെട്ടിടം കേടുവന്ന കിടക്കുകയാണെന്നും പുതിയ ഷെഡ്ഡ് കെട്ടിയിട്ട് ക്ലാസ്സ് തുടങ്ങണമെന്നും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അതിന്മേൽ എന്തു നടപടി എടുത്തു ;

(ഡി) താൽക്കാലികമായി ഷെഡ്ഡ് കെട്ടാനും സ്കൂളിനു് എടുത്തിട്ടുള്ള സ്ഥലത്തു് സ്ഥിരം കെട്ടിടം ഉണ്ടാക്കാനും നടപടികളെടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സ്കൂൾ കെട്ടിടങ്ങൾ കേടുവന്നതിനെപ്പറ്റിയുള്ള പരാതികൾക്കു് പ്രത്യേകം കണക്കു് വച്ചിട്ടില്ലാത്തതിനാൽ എത്രയെന്നു് പറയുവാൻ നിവൃത്തിയില്ല.

(ബി) ഉണ്ടു്.

(സി) വിദ്യാഭ്യാസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, എറണാകുളം എക്സിക്യൂട്ടീവു് എൻജിനീയർ എന്നിവർ പരാതി അയച്ചുകൊടുക്കുകയും സ്കൂൾ കെട്ടിടം കെട്ടുന്നതിനുവേണ്ട അടിയന്തിരനടപടികളെടുക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ടു്.

(ഡി) നടപടികളെടുത്തുവരുന്നു.

UNSTARRED QUESTION AND ANSWER

കാപ്പിബോർഡു് ലോണും, ആദായനികുതിയും.

71. [2] **ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പിബോർഡിൽനിന്നു് ഇൻറൻസീവു് കൺട്രിവേഷനു് ലോൺ വാങ്ങി തോട്ട പ്രവൃത്തി എടുക്കുന്ന തോട്ടങ്ങൾക്കു് കാർഷികാദായനികുതി ഉദ്യോഗസ്ഥൻ ചെലവു കണക്കാക്കുമ്പോൾ കാപ്പിബോർഡു് ലെയിസൺ ഉദ്യോഗസ്ഥൻ പരിശോധിക്കുന്ന കണക്കുകൾ അംഗീകരിക്കണമെന്നു് നിർദ്ദേശം കൊടുക്കാത്ത കാരണം യഥാർത്ഥ ചെലവുകൾ അംഗീകരിക്കപ്പെടാതെ പോകുന്നുണ്ടെന്നുള്ള ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതുകൊണ്ടു് അത്തരം ചെലവുകളും ബോർഡിൽനിന്നു് കടം വാങ്ങിയ പലിശയും മുതലും അടക്കുന്ന സംഖ്യകളും അംഗീകരിക്കണമെന്നു് കാർഷികാദായനികുതി ഉദ്യോഗസ്ഥന്മാർക്കു് നിർദ്ദേശം കൊടുക്കുവാൻ ഭയവുണ്ടാകുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) കാർഷികാദായനികുതി നിയമം 5-ാം വകുപ്പിൻറെ പരിധിയിൽപ്പെടുന്ന ചിലവിനങ്ങളെല്ലാം തക്കതായ തെളിവുകൾ ഉള്ളപക്ഷം കാഷ്യൂ കാദായനികുതി ഉദ്യോഗസ്ഥന്മാർ അനുവദിച്ചു കൊടുക്കാറുണ്ടു്. നിയമാനുസരണമുള്ള ചിലവിനങ്ങൾ അനുവദിക്കുന്നതിനു പ്രത്യേകം നിർദ്ദേശങ്ങൾ കൊടുക്കേണ്ട ആവശ്യമില്ലാത്തതും നിയമപരിധിയിൽപ്പെടാത്ത ചിലവിനങ്ങൾ അനുവദിക്കണമെന്നു് നിർദ്ദേശം കൊടുക്കുവാൻ നിവൃത്തിയില്ലാത്തതും ആകുന്നു.

Mr. Chairman : Order, order. Question time is over.

LIBRARY ARCHIVES Kerala Legislative Assembly